**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3004** — **28-02-2023 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പിറവം മണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിലെ കാഞ്ഞിരമറ്റം തൊണ്ടിലങ്ങാടി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്ക് (രണ്ടാംഘട്ടം) ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിക്കായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 86.7 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. 19/02/2021 ൽ കരാറിൽ ഏർപ്പെട്ട മേൽ പ്രവൃത്തിയുടെ സ്ട്രച്ച് വൺ ചെയിനേജ് 0 മുതൽ 471 മീറ്റർ, സ്ട്രച്ച് 2 ചെയിനേജ് 0 മുതൽ 450 മീറ്റർ എന്നീ രണ്ട് റോഡുകളിലും ഡിആർ സംരക്ഷണ ഭിത്തിയോടു കൂടി റോഡ് രൂപീകരണവും സ്ട്രച്ച് 1 ൽ ഒരു ബോക്സ് കൾവർട്ടിന്റെ നിർമ്മാണവുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിൽ ബോക്സ്കൾവർട്ടിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും പ്രസ്തുത കൾവർട്ടിന്റെ പ്രദേശത്ത് വെള്ളം കയറാതിരിക്കാൻ തടയണ നിർമ്മിക്കുകയും കാലവർഷം ആരംഭിക്കുമ്പോൾ തടയണ പൊളിച്ച് മാറ്റുകയും ചെയ്യാറുണ്ട്. എന്നാൽ 2022 ൽ കാലവർഷത്തിനു മുമ്പ് കൾവർട്ട് നിർമ്മിക്കുന്നതിന് റിംഗ് ബണ്ട് നിർമ്മിച്ചിരുന്നുവെങ്കിലും കാലവർഷം നേരത്തെ ആരംഭിച്ചതിനാലും വെള്ളത്തിന്റെ ഒഴുക്ക് അധികമായതിനാലും തോടിന്റെ മുകൾഭാഗങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്തതിനാൽ ബോക്സ് കൾവർട്ട് നിർമ്മിക്കുവാൻ സാധിച്ചില്ല. ബോക്സ് |

| | | | |
|---|---|---|---|
| | | | കൾവർട്ടിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പിറവം മണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിലെ കാഞ്ഞിരമറ്റം തൊണ്ടിലങ്ങാടി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി രണ്ടാംഘട്ടം എന്ന പ്രവൃത്തി ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ